No. A9- 7980/ 23

# ദർഘാസ് പരസ്യം

**കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത്.**

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ 1198 M.E. മീനഭരണിയോടനുബന്ധിച്ച് നടവരവ് വന്നതും, ശ്രീ ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ **മഞ്ഞൾപ്പൊടി** ഏകദേശം **2973.500 കി.ഗ്രാം, ഉണങ്ങിയ കുരുമുളക്** ഏകദേശം **4500 കി.ഗ്രാം** എന്നിവ ഏറ്റെടുക്കാമെന്നുള്ളതിലേക്ക് ടെണ്ടറുകൾ ക്ഷണിക്കുന്നു. ഓരോ ഇനങ്ങൾക്കും കിന്റലിന്/ഒരു കി.ഗ്രാമിന് എന്തു വിലയ്ക്ക് എടുക്കാമെന്നുള്ള നിരക്ക് രേഖപ്പെടുത്തി ദേവസ്വം കമ്മീഷണർ ഓഫീസിലേക്ക് മാത്രം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലാതെയും ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കേണ്ടതും, ടെണ്ടറുകളോടൊപ്പം നിരതദ്രവ്യമായി **മഞ്ഞൾപ്പൊടിക്ക് 15,000.00ക.**യും, **കുരുമുളകിന് 1,50,000.00ക.**യും **" ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്. തൃശ്ശൂർ"** എന്ന പേരിൽ (തൃശ്ശൂരിൽ മാറാവുന്നത്) അടക്കം ചെയ്യേണ്ടതും ടെണ്ടർ അടക്കം ചെയ്ത കവറിനു പുറത്ത് **"മഞ്ഞൾപ്പൊടി-കുരുമുളക്", ടെണ്ടർ** എന്ന് വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്. ടെണ്ടറുകൾ **2023 ജൂലൈ മാസം 21-ാം തിയ്യതി പകൽ 3 മണിക്ക്** മുൻപായി **രജിസ്ട്രേഡ് തപാൽവഴിയോ നേരിട്ടോ** ബോർഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ടെണ്ടറുകൾ **" ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, റൗണ്ട് നോർത്ത്, തൃശ്ശൂർ"** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. മേൽപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ അന്നേദിവസം പകൽ 3.30 ന് അപ്പോൾ സ്ഥലത്തു ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ വെച്ച് തുറക്കുന്നതും ഓരോരുത്തരും ഓരോ ഇനങ്ങളും എന്തു വിലയ്ക്ക് എടുക്കാമെന്നു രേഖപ്പെടുത്തിയിരിക്കുന്ന വിവരം പരസ്യമായി പ്രസിദ്ധപ്പെടുത്തുന്നതുമാണ്. ഓരോന്നിനും മുതൽനിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ദർഘാസ്സുകാരൻ ടിയാനെ വിവരം അറിയിച്ചുകഴിഞ്ഞാൽ അപ്രകാരം അറിവുകിട്ടി 24 മണിക്കൂറിനുള്ളിൽ **മഞ്ഞൾപ്പൊടിക്ക് 15,000.00 ക.**യും, **കുരുമുളകിന് 1,50,000.00ക.**യും അഡ്വാൻസായി കെട്ടിവെക്കേണ്ടതും ആയതിനുശേഷം ബോർഡിന് യുക്തമെന്നു തോന്നുന്ന തീരുമാനങ്ങൾ അനുസരിച്ചുമാത്രം ടെണ്ടർ ടിയാന്റെ പേരിൽ ഉറപ്പിച്ചുവോ ഇല്ലയോ എന്നുള്ള വിവരം ടിയാനെ രേഖാമൂലം അറിയിക്കുന്നതുമാണ്.

ടെണ്ടർ ടിയാന്റെ പേരിൽ ഉറപ്പിച്ചു എന്ന വിവരം ലഭിച്ച് 7 ദിവസത്തിനകം കൊടുങ്ങല്ലൂർ ശ്രീ ദേവസ്വം ഓഫീസിൽ നിന്നും തൂക്കം കണ്ട് നിരതദ്രവ്യം അഡ്വാൻസ് എന്നീ സംഖ്യകൾ കഴിച്ച് ബാക്കി വരുന്ന സംഖ്യ മുഴുവനും ശ്രീ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങി സാധനങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടു പോകേണ്ടതാണ്. നിയമാനുസൃതമായ എല്ലാ നികുതികളും അടയ്ക്കുവാൻ ടെണ്ടറുകാരൻ ബാദ്ധ്യസ്ഥനാണ്. മേൽപ്രകാരം ടിയാൻ പ്രവർത്തിക്കാതിരിക്കുകയോ

(മറുപുറം)

ഏതെങ്കിലും രീതിയിൽ വീഴ്ച വരുത്തുകയൊ ചെയ്യുന്നപക്ഷം ടിയാൻ അടച്ചിട്ടുള്ള നിരതദ്രവ്യം സംഖ്യയും, അഡ്വാൻസ് സംഖ്യയും പിഴയാക്കി ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതും സാധനങ്ങൾ ദേവസ്വത്തിനു ഗുണകരമെന്നു തോന്നുന്ന പ്രകാരം വീണ്ടും വിൽക്കുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ഓരോ ഇനങ്ങൾക്കും ഏറ്റവും കൂടുതൽ നിരക്കു കാണിച്ചിരിക്കുന്ന സംഖ്യ അപര്യാപ്തമെന്നു കണ്ടാൽ ടെണ്ടറുകൾ സ്ഥിരപ്പെടുത്താതിരിക്കുവാൻ ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും ആയത് യാതൊരു കാരണവശാലും ടെണ്ടറുകാരന് ചോദ്യം ചെയ്യുവാൻ അധികാരം ഇല്ലാത്തതും ആകുന്നു.

വില്പനക്കുള്ള മേൽപറഞ്ഞ സാധനങ്ങൾ നേരിൽ കാണണമെന്ന് ആഗ്രഹിക്കുന്നവർ കൊടുങ്ങല്ലൂർ ശ്രീ ദേവസ്വം ഓഫീസ്സിൽ 2023-ാം ആണ്ട് ജൂലൈ മാസം 8-ാം തിയ്യതി കാലത്ത് 10 മണി മുതൽ വൈകീട്ട് 5 മണി വരെ ഹാജരായി നേരിൽ പരിശോധിക്കാവുന്നതാണ്. സാമ്പിളുകൾ കൊടുങ്ങല്ലൂർ ശ്രീ ദേവസ്വം ഓഫീസിലും, തിരുവഞ്ചിക്കുളം ഗ്രൂപ്പ് അസി: കമ്മീഷണറാഫീസിലും സൂക്ഷിച്ചിട്ടുള്ളതാണ്.

ഈ ടെണ്ടറിനെപറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ തിരുവഞ്ചിക്കുളം ഗ്രൂപ്പ് ദേവസ്വം അസി: കമ്മീഷണറാഫീസിലോ, ശ്രീ ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഈ ടെണ്ടറുകൾ മാറ്റിവയ്ക്കുന്നതിനോ, യുക്തമെന്നു തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കായി താഴെപറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവഞ്ചിക്കുളം ദേവസ്വം അസി. കമ്മീഷണർ ഓഫീസ് : 0480 2802446
ശ്രീ ദേവസ്വം ഓഫീസ് : 0480 2803061
ബോർഡ് ഓഫീസ് : 0487 2331124

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 06-7-2023